# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **12.10.2011 ൽ മറുപടിയ്ക്ക്**
**ചോദ്യം നം. 2732**

## കളക്ഷൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപ/വായ്പ പിരിവുകാരായി എത്രപേർ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) 937 പേർ ജോലി ചെയ്യുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| **ജില്ലാ സഹകരണ ബാങ്കുകൾ** | **നിക്ഷേപ/വായ്പ പിരിവുകാരുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 55 |
| കൊല്ലം | 90 |
| പത്തനംതിട്ട | 76 |
| ആലപ്പുഴ | 101 |
| കോട്ടയം | 78 |
| ഇടുക്കി | 82 |
| എറണാകുളം | 31 |
| തൃശ്ശൂർ | 63 |
| പാലക്കാട് | 25 |
| മലപ്പുറം | 55 |
| കോഴിക്കോട് | 50 |
| വയനാട് | 22 |
| കണ്ണൂർ | 145 |
| കാസറഗോഡ് | 64 |
| **ആകെ** | **937** |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; | (ബി) | പ്രസ്തുത ജീവനക്കാരിൽ ഇടുക്കി, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലാ സഹകരണ ബാങ്കുകളിലായി ജോലിചെയ്യുന്ന യഥാക്രമം 73, 22, 134, 29 നിക്ഷേപ/വായ്പ പിരിവുകാരെ ബാങ്ക് സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കൊല്ലം, മലപ്പുറം, ജില്ലകളിലെ നിത്യനിധി പിരിവുകാരെ സ്ഥിരപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഭരണ സമിതികൾ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | എങ്കിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (സി) | സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് സർക്കാരിന്റെ 13.11.2009 ലെ സ.ഉ (കൈ) നം. 189/2009/സഹ നമ്പർ ഉത്തരവ് പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾക്കും സർക്കാർ നിശ്ചയിച്ച് നൽകുന്ന ഉത്സവബത്തയ്ക്കും 08.11.2010 ലെ ജി.ഒ. (പി) നം. 185/2010/സഹ നമ്പർ വിജ്ഞാപനപ്രകാരം പെൻഷൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. |
| (ഡി) | പ്രസ്തുത ജീവനക്കാർക്ക് ശമ്പളമെന്ന പേരിൽ അനുവദിക്കുന്ന സംഖ്യ അർഹതപ്പെട്ട കമ്മീഷനിൽ നിന്ന് കുറവ് ചെയ്യാതെ പ്രത്യേകമായി അനുവദിക്കാൻ വ്യവസ്ഥ ചെയ്യാമോ; | (ഡി) | നിക്ഷേപ/വായ്പ പിരിവുകാർക്ക് ശമ്പളമെന്ന പേരിൽ അനുവദിക്കുന്ന സംഖ്യ അർഹതപ്പെട്ട കമ്മീഷനിൽ നിന്നും കുറവ് ചെയ്യാതെ പ്രത്യേകമായി അനുവദിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. |
| (ഇ) | ജില്ലാ സഹകരണ ബാങ്കുകളിൽ പാർട്ട്ടൈം സ്വീപ്പർ, ശിപായി തസ്തികകളിൽ നിയമനം നടത്തുമ്പോൾ പ്രസ്തുത ജീവനക്കാരെ ആയതിലേയ്ക്ക് പരിഗണിക്കുന്നതിന് അവരെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തുമോ? | (ഇ) | കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 80, ചട്ടം 182 അനുബന്ധം III പ്രകാരം ജില്ലാ സഹകരണ ബാങ്കുകൾക്ക് അനുവദിച്ച നൽകിയ സ്റ്റാഫ് പാറ്റേണിൽ നിക്ഷേപ/വായ്പ പിരിവ് (കളക്ഷൻ ഏജന്റ്) തസ്തിക ഉൾപ്പെടുന്നില്ല. നിക്ഷേപ/വായ്പ പിരിവുകാരെ സ്ഥിരപ്പെടുത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച 10/2005-ാം നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളത്, സ്ഥിരപ്പെടുത്തി നിയമിക്കപ്പെടുന്ന നിക്ഷേപ/വായ്പ പിരിവുകാർക്ക് മറ്റു തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയില്ലെന്നും ഇവരെ ഫീഡർ |

കാറ്റഗറിയിൽ ഉൾപ്പെടുത്തുവാൻ പാടില്ലെന്നുമാണ്. മേൽ സാഹചര്യത്തിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നിക്ഷേപ/വായ്പ പിരിവുകാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ആവശ്യം പരിഗണിക്കുവാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ